**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5400** **12-08-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങളുടെ ആധുനികീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി. നന്ദകുമാർ** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സഹകരണ നിയമം പരിഷ്കരിക്കുന്നതടക്കം സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ആധുനികീകരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനു വേണ്ടി 1969 ലെ കേരള സഹകരണ സംഘ നിയമം കാലോചിതമായി പരിഷ്കരിക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ഈ വിഷയത്തെ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റി അംഗങ്ങളിൽ നിന്നും വകുപ്പിൽ നിന്നും ലഭ്യമായി ഭേദഗതി നിർദ്ദേശങ്ങൾ കമ്മിറ്റി സിറ്റിംഗിൽ ചർച്ചചെയ്ത് ആയതിൽ പ്രകാരം കരട് ഭേദഗതി നിർദ്ദേശം തയ്യാറാക്കുകയും ആയത് മാധ്യമങ്ങളിലും വെബ് സൈറ്റിലും പ്രസിദ്ധീകരിച്ച് ജില്ലാ തലങ്ങളിൽ ഇതു സംബന്ധിച്ച് യോഗങ്ങൾ നടത്തി പൊതുജനങ്ങളുടേയും സഹകാരികളുടേയും നിർദ്ദേശങ്ങൾ ലഭ്യമാക്കി അന്തിമ റിപ്പോർട്ട് തയ്യാറാക്കുവാനാണ് ഉദ്ദേശിക്കുന്നത്. കേരള ബാങ്കിന്റെ രൂപീകരണത്തോടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്ക്കരിക്കരിക്കുന്നതിന്റെയും ആധുനീകരിക്കുന്നതിന്റെയും ഭാഗമായി കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റി തയ്യാറാക്കിയ RFP അംഗീകരിക്കുകയും, ഇ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ് തുടങ്ങി എല്ലാ സേവനങ്ങളും |

| | | | |
|---|---|---|---|
| | | | ലഭ്യമാകുന്ന തരത്തിലാണ് ഏകീകൃത സോഫ്റ്റ് വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പരമാവധി സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് RFP തയ്യാറാക്കിയിട്ടുള്ളത്. കംപ്യൂട്ടറൈസേഷന്റെ ഭാഗമായി, വാർഷിക പദ്ധതി 2020-2021 പ്രകാരം, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലായി 47 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ കോർ ബാങ്കിങ്ങിന്റെ ഭാഗമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സഹകരണ പദ്ധതികളിൽ കാർഷിക മേഖലയ്ക്ക് പ്രാധാന്യം നൽകുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | സ്വീകരിച്ചിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കരിക്കുന്നതിന്റെയും ആധുനീകരിക്കുന്നതിന്റെയും ഭാഗമായി കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഹകരണ പദ്ധതികളിൽ കാർഷിക മേഖലയ്ക്ക് പ്രാധാന്യം നൽകി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള കാർഷിക മേഖല സംരക്ഷിച്ച് സംസ്ഥാനത്ത് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽകൃഷി ലാഭകരമാക്കുന്നതിനുമുള്ള ഉദ്ദേശത്തോടെ സംസ്ഥാനത്തെ വായ്പ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുഖേന നെൽകർഷകർക്ക് പലിശരഹിത വായ്പ നൽകുകയും വായ്പയിന്മേലുള്ള പലിശ സംഘങ്ങൾക്ക് സർക്കാർ നൽകുകയും ചെയ്യുന്നു. സ്വന്തം ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, ഫാർമേഴ്സ് സർവ്വീസ് സഹകരണ സൊസൈറ്റി എന്നിവ നെൽകൃഷിയ്ക്കായി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വായ്പ നൽകിയിട്ടുണ്ടെങ്കിൽ വർദ്ധനവിന്റെ 5% പരമാവധി 1 ലക്ഷം രൂപ വരെ പ്രോത്സാഹന സഹായം നൽകുന്നുണ്ട്. കഴിഞ്ഞ വർഷം അനുവദിച്ച മൊത്തം |

| | | | |
|---|---|---|---|
| | | | കാർഷിക വായ്പയേക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഗ്രാന്റായി പരമാവധി 25000 രൂപ നിരക്കിൽ പ്രോത്സാഹന സഹായം നൽകി വരുന്നുണ്ട്. സഹകരണ സംഘത്തിന് കൊയ്ത്ത് മെതി യന്ത്രം വാങ്ങുന്നതിന് പ്രോത്സാഹന ഗ്രാന്റായി വിലയുടെ 20 ശതമാനമോ 4 ലക്ഷം രൂപയോ ഏതാണോ കുറവ് ടി തുക നൽകി വരുന്നുണ്ട്. ഹൈടെക് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും ഹരിത ഭവനങ്ങൾ സ്ഥാപിക്കുന്നതിനും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. നെൽകൃഷിയ്ക്ക് വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രോത്സാഹന സഹായം നൽകിവരുന്നുണ്ട്. കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെയും കാർഷിക പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനും കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകിവരുന്നു. ഓരോ പഞ്ചായത്തിലും അതാത് പ്രദേശത്തെ ഉൽപ്പന്നങ്ങളുടെ ലഭ്യത അനുസരിച്ച് സഹകരണ മേഖലയുടെ ആഭിമുഖ്യത്തിൽ PACS വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/ പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുമായുള്ള രണ്ട് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2021-22 ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കാർഷിക മേഖലയുടെ വികസനത്തിനായി സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. Co-operative Initiative for Agriculture Infrastructure in Kerala (CAIK) എന്ന പേരിൽ പ്രഖ്യാപിച്ച പദ്ധതി കാർഷിക മേഖലയുടെ വികസനം ലക്ഷ്യമിട്ടിട്ടുള്ളതാണ്. പ്രാദേശിക വിപണികൾ, ഗോഡൗണുകൾ, കോൾഡ് ചെയിൻ സൗകര്യങ്ങൾ എന്നിവയും പൈനാപ്പിൾ, വാഴപ്പഴം, മാമ്പഴം മുതലായ പഴവർഗ്ഗങ്ങളുടെ സംസ്കരണ കേന്ദ്രങ്ങളും സൃഷ്ടിക്കുന്നതിന് പദ്ധതി ലക്ഷ്യം വയ്ക്കുന്നു. |
| (സി) | കോവിഡ് മഹാമാരി, ഓണാഘോഷം എന്നിവയുടെ പശ്ചാത്തലത്തിൽ നിത്യോപയോഗ സാധനങ്ങളുടെ | (സി) | കോവിഡ്കാല ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി കൺസ്യൂമർ ഫെഡ് ഭക്ഷ്യശേഖരം ഇരട്ടിയായി |

| | | | |
|---|---|---|---|
| | വിലനിലവാരം പിടിച്ചുനിർത്താൻ, സഹകരണ വകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | | വർദ്ധിപ്പിച്ചു. മരുന്നുകളും, ഭക്ഷ്യസാധനങ്ങളും വാട്സ്ആപ്പ് നമ്പറുകളിൽ ഓർഡറുകൾ സ്വീകരിച്ച് ഹോം ഡെലിവറിയായി വീടുകളിൽ എത്തിച്ചു നൽകുന്നു. ക്വാറന്റയിനിൽ ഇരിക്കുന്നവരുടേയും കണ്ടയിൻമെന്റ് സോണുകളിൽ താമസിക്കുന്നവരുടെയും കൂടാതെ ഒറ്റപ്പെട്ട് താമസിക്കുന്ന വൃദ്ധജനങ്ങളുടെയും വീടുകളിലേക്ക് ഭക്ഷ്യസാധനങ്ങൾ കൺസ്യൂമർഫെഡ് എത്തിച്ചു നൽകുന്നുണ്ട്. www.consumerfed.in എന്ന വെബ് പോർട്ടൽ ആരംഭിച്ച് ഓൺലൈനായി ഓർഡറുകൾ സ്വീകരിക്കുകയും സാധനങ്ങൾ ഓൺലൈൻ വ്യാപാരത്തിലൂടെ വീടുകളിലെത്തിക്കുകയും, മൊബൈൽ ത്രിവേണികളുടെ റൂട്ടുകൾ പ്രത്യേകം ഷെഡ്യൂൾ ചെയ്ത് മലയോര തീരദേശ മേഖലകളിലും കണ്ടയിൻമെന്റ് സോണുകളിലും അവശ്യസാധനങ്ങൾ വിതരണം നടത്തുകയും ചെയ്യുന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ത്രിവേണി സൂപ്പർമാർക്കറ്റുകൾ ഉപഭോക്താക്കൾക്കായി പൂർണ്ണ സമയവും അവശ്യ സർവ്വീസായി തുറന്ന് പ്രവർത്തിച്ചും കോവിഡ്കാല ഭക്ഷ്യ ക്ഷാമം പരിഹരിക്കുന്നതിനായി ഇടപെടലുകൾ നടത്തുന്നു. ഓണം ഉത്സവ കാലത്തോടനുബന്ധിച്ച് അവശ്യസാധനങ്ങളുടെ വില വർദ്ധനവിനെ നിയന്ത്രിക്കുന്നതിനു വേണ്ടി സർക്കാർ ധനസഹായത്തോടെ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ സബ്സിഡി വിപണി മുൻ വർഷങ്ങളിലേതു പോലെ ഈ വർഷവും നടത്തുന്നതാണ്. 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡിയോടു കൂടി സംസ്ഥാനത്തെ 2000 വിപണന കേന്ദ്രങ്ങളിലൂടെ പൂർണ്ണമായും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ